## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 304      30-01-2014-ൽ മറുപടിക്ക്.

### കഞ്ചാവ്-മയക്കുമരുന്ന് സംഘങ്ങളെ നിർമ്മാർജ്ജനം ചെയ്യൽ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എളമരം കരീം:<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>" കെ. സുരേഷ് കുറുപ്പ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കഞ്ചാവ്-മയക്കുമരുന്ന് സംഘങ്ങൾ വീണ്ടും സജീവമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ലെന്നറിയാമോ; | (എ) സംസ്ഥാനത്ത് കഞ്ചാവ്-മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013 വർഷം, എക്സൈസ് വകുപ്പ്, മയക്കുമരുന്നുമായി ബന്ധപ്പെട്ട് 790 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 810 പേരെ പ്രതികളാക്കി അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസുകളുമായി ബന്ധപ്പെട്ട് 866 കിലോ ഗ്രാം കഞ്ചാവ്, 6.002 കിലോ ഗ്രാം ഹെറോയിൻ, 7.089 കിലോ ഗ്രാം ഹാഷിഷ് ഓയിൽ, 1723 എണ്ണം ആംപ്യൂൾ, 1.25 കിലോ ഗ്രാം ബ്രൗൺ ഷുഗർ, 111 വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. |
| (ബി) കഞ്ചാവും മയക്കുമരുന്നുകളും പ്രവഹിക്കുന്ന കേന്ദ്രങ്ങളെ നിരീക്ഷിക്കുന്നുണ്ടോ; കഞ്ചാവ് കൃഷി സംസ്ഥാനത്ത് എവിടെയെങ്കിലും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഉണ്ട്. കഞ്ചാവ് ചെടികൾ വളർത്തിയതിന് തിരുവനന്തപുരം ജില്ലയിൽ ഒരാൾക്കെതിരെയും, കൊല്ലം ജില്ലയിൽ മൂന്ന് കേസുകളിലായി, മൂന്നു പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ചെറിയ തോതിൽ കഞ്ചാവ് കൃഷി നടക്കുന്നതായി വിവരം ലഭിച്ചതനുസരിച്ച്, എക്സൈസ് വകുപ്പ്, മറ്റു വകുപ്പുകളുമായി ചേർന്ന് നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |
| (സി) കഞ്ചാവ്-മയക്കുമരുന്ന് വിപണനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് നിർബാധം പ്രവർത്തിക്കാൻ കഴിയുന്ന സാഹചര്യം ഇല്ലാതാക്കാമോ; വിശദമാക്കുമോ? | (സി) കഞ്ചാവിന്റേയും, മദ്യ-മയക്കുമരുന്നിന്റേയും ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും, ഓരോ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ആന്റി നാർക്കോട്ടിക് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. കൂടാതെ, ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ